## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം : 371** | **29.06.2015 ൽ മറുപടിയ്ക്ക്**

## വൻകിട സൗരോർജ്ജ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.എ.മാധവൻ<br>,, ആർ . സെൽവരാജ്<br>,, സണ്ണി ജോസഫ് : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ മന്ത്രി) |
| (എ) വൻകിട സൗരോർജ്ജ പദ്ധതികൾ ആരംഭിക്കുന്നതിന് കെ.എസ്.ഇ.ബി. പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) ഉണ്ട്. വൻകിട സൗരോർജ്ജ പദ്ധതികൾ ആരംഭിക്കുന്നതിന് കെ.എസ്.ഇ.ബി.എൽ രൂപീകരിച്ച പദ്ധതികൾ താഴെ പറയുന്നവയാണ്.<br>1. കൊല്ലം ജില്ലയിലെ വെസ്റ്റ് കല്ലടയിൽ വെള്ളം കെട്ടിക്കിടക്കുന്ന പ്രദേശത്ത് 50MW ശേഷിയുള്ള പ്ലാന്റ് .<br>2.കെ.എസ്.ഇ.ബി.എൽ. വഴി കാസർഗോഡ് ജില്ലയിൽ 200 MW ശേഷിയുള്ള സോളാർ പാർക്ക് . |
| (ബി) പ്രസ്തുത പദ്ധതിയുടെ ഘടകങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (ബി) 1. വെസ്റ്റ് കല്ലട പദ്ധതി:<br>കൊല്ലം ജില്ലയിലെ വെസ്റ്റ് കല്ലടയിലുള്ള 300 ഏക്കർ ഭൂമിയിലാണ് സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുന്നത്. പദ്ധതി പ്രദേശത്തെ സർക്കാർ ഭൂമി പദ്ധതിക്കായി വിനിയോഗിക്കുവാൻ 09.12.2014 ലെ സ.ഉ.(എം.എസ്) 43/14/ഊവ പ്രകാരം അനുമതി നല്കിയിട്ടുണ്ട്.<br>ഭൂവുടമകളും വെസ്റ്റ് കല്ലട പഞ്ചായത്തും ചേർന്ന് കമ്പനി രൂപീകരിക്കുകയും പദ്ധതിക്ക് വേണ്ട സ്ഥലം കെ.എസ്.ഇ.ബി. വഴി പാട്ടം ആയിട്ട് പദ്ധതി നടപ്പിലാക്കുന്ന കേന്ദ്ര ഏജൻസിയായ NHPC -യ്ക്ക് നല്കും. NHPC ഉൽപാദിപ്പിക്കുന്ന വൈദ്യുതി കെ.എസ്.ഇ.ബി. വാങ്ങുന്നതാണ്. |

2. സോളാർ പാർക്ക് :

കേന്ദ്ര നവ നവകരണീയ ഊർജ്ജ മന്ത്രാലയം (MNRE) വിവിധ സംസ്ഥാനങ്ങളിൽ 25 സൗരോർജ്ജ പാർക്കുകൾ സ്ഥാപിക്കുന്നതിനായി സോളാർ പാർക്ക് സ്കീം പ്രഖ്യാപിച്ചതിന്റെ അടിസ്ഥനത്തിൽ കേന്ദ്ര സർക്കാർ സ്ഥാപനമായ സോളാർ എനർജി കോർപ്പറേഷനുമായി (സെക്കി) യോജിച്ചാണ് കാസർഗോഡ് ജില്ലയിൽ സോളാർ പാർക്ക് സ്ഥാപിക്കുന്നത്. അതിനായി ഇന്ത്യൻ റിന്യൂവബിൾ എനർജി ഡെവലപ്മെന്റ് ഏജൻസിയായ (ഇറിഡ), ടി.എച്ച്.ഡി.സി. ലിമിറ്റഡ്, സെക്കി എന്നീ സ്ഥാപനങ്ങളുമായി ത്രികക്ഷി പ്രാരംഭകരാർ ഒപ്പ് വച്ചിട്ടുണ്ട്. പദ്ധതിയ്ക്കായി ആവശ്യമുള്ള സ്ഥലം കണ്ടെത്തുന്നതിന് ജില്ലയിൽ ഭൂസർവേ നടക്കുകയാണ്. ഉദ്ദേശം 1000 ഏക്കർ ഭൂമി സർവെ നടത്തിക്കഴിഞ്ഞു. പദ്ധതിയിൽ നിന്നും ഉത്പാദിപ്പിക്കുന്ന സൗരോർജ്ജം സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ തീരുമാനിക്കുന്ന നിരക്കിൽ ബോർഡ് വാങ്ങുവാൻ ഉദ്ദേശിക്കുന്നു.

(സി) പദ്ധതിക്കുള്ള സാമ്പത്തിക സഹായം എങ്ങനെയാണ് കണ്ടെത്തുന്നത്; വിശദമാക്കുമോ;

(സി) 1.വെസ്റ്റ് കല്ലട പദ്ധതി

പദ്ധതി നിക്ഷേപം NHPC ആണ് ചെയ്യുന്നത്. ഉത്പാദിപ്പിക്കുന്ന വൈദ്യുതിയ്ക്ക് KSERC നിശ്ചയിക്കുന്ന താരിഫ് നൽകിയാൽ മതി.

2.സോളാർ പാർക്ക്:

പദ്ധതിയ്ക്ക് ആവശ്യമായ മൂലധനം മുടക്കി വൈദ്യുതി ഉത്പാദിപ്പിക്കേണ്ടത് മേൽപ്പറഞ്ഞ സ്ഥാപനങ്ങളുടെ ഉത്തരവാദി ത്തമാണ്. എന്നാൽ പദ്ധതിക്കായി 40 കോടി രൂപ കേന്ദ്ര സർക്കാരിൽ നിന്നും സഹായധനമായി ലഭിക്കുന്നതാണ്. ഉത്പാദിപ്പിക്കുന്ന വൈദ്യുതി നിശ്ചിത നിരക്കിൽ വാങ്ങുക എന്നതാണ് കെ.എസ്.ഇ.ബി. യുടെ ഉത്തരവാദിത്തം.

(ഡി) ഇതു സംബന്ധിച്ച് ധാരണാപത്രം ഒപ്പിട്ടിട്ടുണ്ടോ ;വിശദാംശങ്ങൾ എന്തെല്ലാം?

(ഡി) 1. വെസ്റ്റ് കല്ലട പദ്ധതി:

മേൽപ്പറഞ്ഞവ ഉൾപ്പെടെയുള്ള വ്യവസ്ഥകൾ ചേർത്ത ധാരണാപത്രം NHPC യും കെ.എസ്.ഇ.ബി.യും ചേർന്ന് 07.05.14ൽ ഒപ്പുവെച്ചിട്ടുണ്ട്.

2.സോളാർ പാർക്ക്:

കെ.എസ്.ഇ.ബി.എൽ., കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായ ഇറിഡയും ടി.എച്ച്.ഡി.സി.ഐ.എൽ മായി 50 MW വീതമുള്ള പദ്ധതികൾ സോളാർ പാർക്കിനുള്ളിൽ നടപ്പിലാക്കുവാനായി പ്രാരംഭകരാർ ഒപ്പിട്ടിട്ടുണ്ട്. ബാക്കിയുള്ള 100 MW വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് പ്രകാരമുള്ള പദ്ധതി അനുമതി നൽകുന്നതിന് കേന്ദ്ര മന്ത്രിസഭയുടെ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ